**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1319** **27-07-2021 - ൽ മറുപടിയ്ക്ക്**

**വളർത്തുമൃഗങ്ങൾക്ക് ആന്ത്രാക്സ് രോഗം പകരാതിരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ ആനക്കട്ടിയിൽ ആന്ത്രാക്സ് ബാധിച്ച് കാട്ടാന ചരിഞ്ഞ സംഭവത്തെ തുടർന്ന് വളർത്തു മൃഗങ്ങൾക്ക് രോഗം പകരാതിരിക്കാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) | ആന്ത്രാക്സ് ബാധിച്ച് കാട്ടാന ചരിഞ്ഞ സംഭവത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ 1. ഷോളയൂർ, പുതൂർ പഞ്ചായത്തുകളിലെ വാർഡ് മെമ്പർ, എസ്.ടി പ്രമോട്ടർമാർ എന്നിവരുടെ സഹകരണം ഉറപ്പാക്കി കൊണ്ടു രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനും, താലൂക്ക് കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ വെറ്ററിനറി സർജ്ജൻമാരുടെ സഹായത്തോടെ രോഗ നിയന്ത്രണ നിരീക്ഷണത്തിന് നിർദ്ദേശം നൽകാനും നടപടി സ്വീകരിച്ചു. 13/07/2021 -ന അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് നടന്ന യോഗത്തിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർ, ജോയിന്റ് ഡയറക്ടർ (ആർ ഇ) എന്നിവർ പങ്കെടുക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. 2. പ്രദേശത്തെ കർഷകരുടെ കന്നുകാലികളെ 2-3 ആഴ്ചത്തേക്ക് കാട്ടിലേക്ക് പുല്ല് മേയാൻ വിടുന്നത് ഒഴിവാക്കാൻ നിർദ്ദേശം നൽകി 3. രോഗലക്ഷണങ്ങൾ കാണുമ്പോൾ തന്നെ ബന്ധപ്പെട്ട വെറ്ററിനറി സർജന്മാരുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ കർഷകർക്ക് നിർദ്ദേശം നൽകി. 4. രോഗ പ്രതിരോധ പ്രവർത്തനങ്ങളെ ഊർജ്ജിതമാക്കുവാനായി ബന്ധപ്പെട്ട ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ RRT രൂപീകരിച്ചിട്ടുണ്ട്. 5. അട്ടപ്പാടി ആട് വളർത്തൽ ഫാമിലെ ആടുകളെ മേയാൻ വിടുമ്പോൾ പ്രത്യേക നിരീക്ഷണം എർപ്പെടുത്തുവാൻ അട്ടപ്പാടി ആട് ഫാമിലെ സീനിയർ വെറ്ററിനറി സർജന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട് 6. മറ്റത്തുകാട്, വാളയാർ ചെക്ക് പോസ്റ്റിലെ നിരീക്ഷണം ശക്തമാക്കുന്നതിന് വേണ്ടി ജോയിന്റ് ഡയറക്ടർ (ആർ ഇ)ക്ക് നിർദ്ദേശം നൽകി. 7. ആന്ത്രാക്സ് രോഗ സാന്നിധ്യത്തിന്റെ പശ്ചാത്തലത്തിൽ രോഗ പ്രതിരോധത്തിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി ഷോളയൂർ പഞ്ചായത്തിൽ ഇതുവരെ നടത്തിയ കുത്തിവെയ്പ്പിന്റെ വിവരങ്ങൾ താഴെ പറയുന്നു ക്രമ നം തീയതി പശു/പോത്ത് ആട് ആകെ 1 14/07/2021 62 87 149 2 15/07/2021 116 65 181 3 16/07/2021 34 24 58 ആകെ 212 176 388 ഈ പ്രതിരോധ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിന് ADCP ഡിസ്ട്രിക്ട് കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ദൈനം ദിന പ്രവർത്തനങ്ങൾ ജില്ലാ മൃഗസംരക്ഷണ ഓഫീസർ നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ, നിലവിൽ പാലക്കാട് ജില്ലയ്ക്ക് ലഭിച്ച 500 ml ആന്ത്രാക്സ് വാക്സിനും അനുബന്ധ സാമഗ്രികളും ഷോളയൂർ, പുതൂർ പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ആനക്കട്ടി, വാളയാർ തുടങ്ങിയ ചെക്പോസ്റ്റുകൾ വഴി വരുന്ന കന്നുകാലികളിൽ പരിശോധന നടത്തുവാൻ തമിഴ്നാട് മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ആനക്കട്ടി, വാളയാർ തുടങ്ങിയ ചെക്ക് പോസ്റ്റുകൾ വഴി വരുന്ന കന്നുകാലികളിൽ വിശദമായ പരിശോധന നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ